

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

14 FEBRUARY 2020

19 JAMADI'UL AAKHIR 1441 AH

# THE CONCEPTION OF GOD IN ISLAM
# ഇസ്ലാമിലെ ദൈവ ബോധം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഇസ്ലാമിലെ ദൈവ ബോധം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഇസ്ലാം അല്ലാഹുവിന്റെ ഗുണഗണങ്ങളെപറ്റി ചിന്തിക്കുന്നത് ഇഷ്ടപ്പെടുന്നു. അവൻ കാരണമാക്കിയ, അവൻ ആവാഹിച്ച അവന്റെ വിവിധങ്ങളായ മനോഹരമായ നാമങ്ങളിലൂടെ! വിശുദ്ധ ഖുർആൻ പറയുന്നു. ഏറ്റവും ഉത്തമമായ ഗുണനാമങ്ങൾ അല്ലാഹുവിന് മാത്രമുള്ളതാണ്. അതുകൊണ്ട് അതുമുഖേന നിങ്ങൾ അവനെ വിളിച്ച് പ്രാർത്ഥിക്കുക (സൂറ:അഅ്റാഫ് 7:181)

ഈശ്വരവിജ്ഞാനീയ സാഹിത്യത്തിൽ ഒരു വലിയ അളവ് വരെ അവന്റെ പേരുകളെ തരംതിരിക്കുവാനും വിശദീകരിക്കുവാനുമായി നിലകൊള്ളുന്നു എന്നതൊരു വസ്തുതയാണ്. നാം മിക്കപ്പോഴും ദൈവത്തിന്റെ അല്ലാഹുവിന്റെ 99 പേരുകളെ പറ്റി സംസാരിക്കുന്നു. വിവിധ എഴുത്തുകാർ ഈ പേരുകളെ വിവിധ രീതിയിലാണ് വർണ്ണിച്ചിരിക്കുന്നത്. ആയതിനാൽ അല്ലാഹുവിന്റെ പേരുകളായി നൂറുകണക്കിന് പേരുകൾ നമുക്ക് കണ്ടെത്തുവാൻ കഴിയും. അല്ലാഹുവിനെ നാം ആരാധിക്കുവാൻ ആഗ്രഹിക്കുമ്പോൾ അവന്റെ നാമം കൊണ്ടും ഗുണം കൊണ്ടും നമുക്ക് ആരാധിക്കാവുന്നതാണ്. നാം മനുഷ്യരെന്ന നിലയിൽ പരിമിതികളുള്ളവരാണ്. എന്നാൽ അവൻ പരിമിതികളില്ലാത്തവനാണ്. നമുക്ക് അവനെ കുറിച്ച് ഭാഗികമായി മാത്രമെ സങ്കല്പിക്കുവാൻ കഴിയുകയുള്ളു. എന്നാൽ അവൻ സമ്പൂർണ്ണനാണ്. നാം കരുതുന്നതിനും എത്രയോ അപ്പുറം അവന് ഗ്രഹിക്കുവാൻ കഴിയുന്നതാണ്. നാം അവന്റെ കാരുണ്യത്തെ കുറിച്ച് ചിന്തിക്കുന്നു. അവന്റെ

സ്നേഹത്തെ കുറിച്ച് ചിന്തിക്കുന്നു. അവന്റെ ബൗധികതയെകുറിച്ച് ചിന്തിക്കുന്നു. അവന്റെ മഹത്വത്തെകുറിച്ച് ചിന്തിക്കുന്നു. അവന്റെ പ്രതാപത്തെകുറിച്ച് ചിന്തിക്കുന്നു. അവന്റെ നീതിയെകുറിച്ച് ചിന്തിക്കുന്നു. അവന്റെ സത്യതയെകുറിച്ച് ചിന്തിക്കുന്നു; അവന്റെ നേർമാർഗത്തെ കുറിച്ച് ചിന്തിക്കുന്നു. അവന്റെ ഔന്നത്യത്തെകുറിച്ച് ചിന്തിക്കുന്നു.. അങ്ങനെ പലതും! എന്നാൽ ഈ കാര്യങ്ങളിൽ വ്യാപരിക്കുമ്പോൾ നമ്മുടെ മനസ്സുകൾക്ക് പരിമിതികളുണ്ട്; കാരണം നമ്മുടെ അറിവ് പരിമിതങ്ങളാണ്; എന്നാൽ അവന്റെ അറിവ്, ഗ്രഹണം, കേഴ്വിശക്തി, ഇവയൊക്കെ എല്ലാത്തിനെയും കടുന്നു പോകുന്നതാണ്. പരിമതികളേതുമില്ലാത്തതാണ്. അവന് തുല്യനായി മറ്റൊന്നുമില്ല. നാം എല്ലാത്തിനെയും ബന്ധപ്പെടുത്തുവാൻ ശ്രമിക്കുന്നു. അതായത് ആദ്യത്തേത്, അവസാനത്തേത് എന്നിങ്ങനെ! ദൃശ്യമായതും അദൃശ്യമായതും എന്നൊക്കെ! എന്നൽ അല്ലാഹുവിൽ ഈ വിപരീതഗുണങ്ങൾ കൂട്ടിമുട്ടുന്നു. ഈ രണ്ടു ഗുണഗണങ്ങളും നാം അല്ലാഹുവിന് നല്കുന്നു. അവൻ ആദിയായവനാണ്; അവൻ അനന്തനായവനാണ്; അവൻ അദൃശ്യനാണ്, നമ്മെ സംബന്ധിച്ചിടത്തോളം അനന്തതയെ കുറിച്ചുള്ള ചിന്ത, രണ്ടു പരിധികളെയും നിരസിക്കലാണ്. ആദ്യവും അന്ത്യവും അല്ലാഹു(ത) മാത്രമാണ്, അനന്താനുയുള്ളവൻ, അവന് ആരംഭവുമില്ല; അവന് അന്ത്യവുമില്ല. നാം അല്ലാഹുവിനെ കുറിച്ച് ചിന്തിക്കുന്നത് സമയത്തെയും സ്ഥലത്തെയും കണക്കാക്കിയാണ്. എന്നാൽ സമയവും സ്ഥലവും നമ്മുടെ മനസ്സിന്റെ സൃഷ്ടിയാണ്. അല്ലാഹു(ത) സമയത്തിനും സ്ഥലത്തിനും അതീതനാണ്; യാഥാർത്ഥ്യം ഇതാണ്, സമ്പൂർണ്ണനായുള്ളവൻ അവൻ മാത്രമാണ്; സർവ്വ സ്വതന്ത്രനായുള്ളവനും അവൻ മാത്രമാണ്, എല്ലാ കാര്യങ്ങളും അവനെ മാത്രം ആശ്രയിച്ചു നിലകൊള്ളുന്നു.

അല്ലാഹുവിന്റെ ഏകത്വത്തെകുറിച്ചാണ് ഇസ്ലാം ഊന്നിപ്പറയുന്നത് എന്നതാണ് ഇസ്ലാമിലെ പൊതുവിശ്വാസം. എന്നാൽ അതോടൊപ്പം ഇതു കൂടി ഊന്നിപറയേണ്ടതായിട്ടുണ്ട്. അതായത് അവന്റെ കാരുണ്യം, അവന്റെ ദയാവായ്പ്, അവന്റെ സ്നേഹപ്രകടനം വിശുദ്ധഖുർആനിൽ 114അധ്യായങ്ങൾ ഉൾക്കൊള്ളുന്നുണ്ട്, അതിലൊന്നൊഴികെ (സൂറ: അന്നൂർ മറ്റെല്ലാ അധ്യായങ്ങളും ആരംഭിക്കുന്നത് പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ എന്നാകുന്നു.

അല്ലാഹുവിന്റെ ഗുണനാമങ്ങളായ റഹ്മാനും റഹീമും പേരുകളാണ് അതിനുതുല്യമായ ഒരു പദം മറ്റൊരു ഭാഷയിലും ലഭ്യമല്ല. അതുകൊണ്ടു തന്നെ ശരിയായ രീതിയിൽ മറ്റൊരു ഭാഷാന്തരം അവയ്ക്ക് ചെയ്യാവതുമല്ല. കാരണം അവ രണ്ടിനും യഥാർത്ഥത്തിൽ വളരെ വിശാലമായ

അർത്ഥതലങ്ങളാണുള്ളത്) റഹീം എന്നാൽ നാം അല്ലാഹു വിനോട് തേടുന്ന അനുകമ്പയാണ്, അത് അവൻ നമ്മിൽ നിന്നും നിരസിക്കുകയില്ല.

ബിസ്മില്ലാഹിർറഹമാനിർറഹീം എന്ന വചനം മുസ്ലിംകൾ കൂടുതൽ സമയവും ഉപയോഗിക്കുന്ന ഒരു വചനമാകുന്നു. നമസ്ക്കാരം ആരംഭിക്കുമ്പോഴും, (നമസ്ക്കാരമായാലും ദുആ ആയാലും) ഖുർആൻ പാരായണം ചെയ്യുന്നതിന് മുൻപും, ഭക്ഷണം കഴിക്കുന്നതിനു മുൻപും, യാത്ര ആരംഭിക്കുന്നതിനു മുൻപും, ഭൗതികമോ ആത്മീയമോ ആയ എന്തു കാര്യം ചെയ്യുന്നതിനു മുൻപും ഈ വചനം കൊണ്ടാരംഭിക്കുന്നു.

മുസ്ലിംകളുടെ പ്രവർത്തനങ്ങൾ ഈ പരിശുദ്ധ വചനവുമായി വളരെയധികം ബന്ധപ്പെട്ടു കിടക്കുന്നതാണ്. അല്ലാഹുവിന്റെ ഏകത്വത്തെ കുറിച്ചുള്ള പിടിവാദം, ദ്വിത്വഭാവത്തിനെതിരിലുള്ള പ്രതിഷേധം പ്രകടിപ്പിക്കാൻ മാത്രവുമല്ല, അഥവാ ബഹുദേവതാവാദത്തിനെതിരിലുള്ള പ്രതിഷേധം പ്രകടിപ്പിക്കുവാൻ മാത്രവുമല്ല. ഇസ്ലാം വിശ്വസിക്കുന്നത് അല്ലാഹു ഏകനാണ് എന്നാണ്, അവൻ സമാനതകളില്ലാത്തവനാണ് എന്നാണ്; ദൈവതുല്യനായ മറ്റാരുമില്ല എന്നാണ്! ഒരു യുവാവായ മതവിദ്യാർത്ഥി ഒരിക്കൽ ദൈവത്തെ നിർവ്വചിച്ചത് അവന്റെ ഗുണഗണങ്ങളെ വേർപെടുത്തിയാണ്, അവന്റെ ദയ, സൗന്ദര്യം ഇവയെ ഒന്നാക്കി സംഗ്രഹിക്കുകയുണ്ടായി. ചിലർ ഈ നിർവചനത്തെ അംഗീകരിച്ചേക്കാം. എന്നാൽ ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം ഇത് തണുത്തതും, നിരുന്മേഷമായതും ഫലശൂന്യവുമായ ഒരമൂർത്തഭാവമാണ്. ഒരു വേർപെടുത്തലാണ്. ജീവിതം എല്ലായ്പ്പോഴും ഒരജ്ഞാത വസ്തുവാണ്. അത് ശാസ്ത്രത്തിനായാലും ശരി, കലയ്ക്കായാലും ശരി, കവിതയ്ക്കായാലും ശരി, മതത്തിനായാലും ശരി!

വിശുദ്ധ ഖുർആൻ എന്താണ് പറയുന്നതെന്ന് നോക്കാം. പറയുക അവൻ അല്ലാഹു ആകുന്നു. ഏകൻ. അല്ലാഹു സർവ്വാപിനാഥനാകുന്നു. (സ്വാശ്രയനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാണ്) അവൻ സന്താനോല്പാദാനം ചെയ്തിട്ടില്ല. അവൻ (ആരുടെയും സന്താനമായി) ഉല്പാദിപ്പിക്കപ്പെട്ടിട്ടുമില്ല. അവനു സമനായ ആരും തന്നെയില്ല (അൽഇഖലാസ് അധ്യായം 112)

മുഴുവൻ പ്രപഞ്ചവും സൃഷ്ടിയാണ് (അല്ലാഹുവിന്റെ സൃഷ്ടിയാണ്) കാര്യം അങ്ങനെ ആണെങ്കിലും മനുഷ്യന് ഒരു പ്രത്യേക പദവിയുണ്ട്. കാരണം അവൻ ഭൂമിയിലെ ദൈവത്തിന്റെ പ്രതിനിധിയാണ്. ഖലീഫ (അൽബക്കറ 2:31) മനുഷ്യന്റെ ആത്മീയ പ്രകൃതി അല്ലാഹുവിൽ നിന്നുള്ള ഒരനുഗ്രഹമാണ്. ആയതിനാൽ മനുഷ്യൻ, വർഗം,

ഭാഷ, അഥവാ മറ്റെന്തെങ്കിലും തടസ്സങ്ങൾക്കും അതീതനാണ്. അങ്ങനെ ഇസ്ലാമിന്റെ സാഹോദര്യം ഒരു ക്രിയാത്മകമായ ആശയമായി തീർന്നിരിക്കുന്നു. പ്രസ്തുത ആശയം ഹസ്രത് മുഹമ്മദ് മുസ്തഫ(സ) അംഗീകരിച്ചതുമാകുന്നു.

പരിശുദ്ധഖുർആനിൽ നിന്നുള്ള അത്യുന്നത വചനങ്ങളിൽ അല്ലാഹു (ത)യുടെ മഹത്വത്തെയും തേജസ്സിനെയും പറ്റി പ്രതിപാദിക്കുന്ന ഗുണവിശേഷങ്ങളെ ഇപ്രകാരം വിവരിക്കുന്നു. അല്ലാഹു – അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും, സ്വയം നിലനില്ക്കുന്നവനും, (എല്ലാറ്റിനേയും)നിലനിർത്തുന്നവനുമാകുന്നു. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ളത് (എല്ലാം) അവന്റേതാകുന്നു. അവന്റെ അനുമതി കൂടാതെ അവന്റെയടുക്കൽ ശുപാർശ ചെയ്യുന്നവൻ ആരുണ്ട്? അവരുടെ (മനുഷ്യരുടെ) മുമ്പിലുള്ളതും പിന്നിലുള്ളതും (എല്ലാം) അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ, യാതൊന്നും അവർ പ്രാപിക്കുന്നില്ല. അവന്റെ സിംഹാസനം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചു നില്ക്കുന്നു. അവയുടെ സംരക്ഷണം അവനെ ക്ഷീണിപ്പിക്കുന്നില്ല. അവൻ അത്യുന്നതനും മഹാനുഭാവനുമാകുന്നു. (അൽബക്കറ 2:256)

അല്ലാഹു(ത) അനന്തനാകുന്നു. അവനെ വേർപ്പെടുത്താവതല്ല. അവൻ സ്വതന്ത്രനാണ്, എന്നാൽ എല്ലാ സൃഷ്ടികളും അവനെ ആശ്രയിക്കുന്നു. എല്ലാ കാര്യങ്ങളും തീർന്നുപോകുന്നതും അപ്രത്യക്ഷമാകുന്നതുമാകുന്നു. അവൻ ഒരുവൻ അല്ലാഹു മാത്രമാണ് അനന്തമായി നിലനില്ക്കുന്നത്. അവന് ഉറക്കമോ വിശ്രമമോ ആവശ്യമില്ല. കാരണം അവൻ നിലനില്ക്കുന്നവനും സമ്പൂർണ്ണനായവനുമാകുന്നു.

മനുഷ്യന് തങ്ങളുടെ ഭാഗം വാദിക്കുന്നതിന് ഈ ലോകത്ത് വക്കീൽമാരേയും മധ്യസ്ഥന്മാരെയും വെയ്ക്കുവാൻ സാധിക്കുന്നതാണ്. എന്നാൽ അല്ലാഹുവിന്റെ മുൻപിൽ വരുവാൻ വലിയവനായി ആരാണുള്ളത്? അവന്റെ കാരുണ്യവും മാപ്പും ഇല്ലാതെ ! ആരുമില്ല!

ഒരു മധ്യസ്ഥന്റെയോ അല്ലെങ്കിൽ ഒരു വക്കീലിന്റെയോ ആവശ്യമില്ല കാരണം അവന്റെ അറിവ് എല്ലാത്തിനെയും കടന്നു പോകുന്നതാണ്. സമയത്തിന്റെയും സ്ഥലത്തിന്റെയും ആശയം പ്രായോഗികമാക്കേണ്ടത് അവന്റെ സൃഷ്ടികൾക്ക് മാത്രമാണ്. അവന് അതാവശ്യമില്ല. അവൻ എല്ലായിടത്തുമുണ്ട്. അതേ സമയം, മുഴുപ്രപഞ്ചവും അവനെ ആശ്രയിച്ചു നില്ക്കുകയാണെങ്കിലും ! അതിനവന്, ഒരു പ്രയത്നവും അല്ലെങ്കിൽ ഒരു വേദനയും നേരിടേണ്ടതില്ല. പ്രതാപം, മഹിമ, വല്ലഭത്വം ഇവ നാം സ്ഥല ഭാഷയിൽ പരിഗണിക്കുകയാണെങ്കിൽ,

അവനാകുന്നു സമുന്നതനായവൻ. അല്ലാഹു ആകുന്നു ഏറ്റവും സമുന്നതനായവൻ. അതോടൊപ്പം അവന്റെ പ്രതാപത്തിലും, മഹിമയിലും, വല്ലഭത്വത്തിലും)

നമ്മുടെ ധാർമ്മികതയുടെ ആശയമനുസരിച്ചാണ്, നാം അല്ലാഹുവിനെകുറിച്ച് ചിന്തിക്കുന്നത്. പുണ്യവാൻ, സത്യമായവൻ, ഔദാര്യമുടയവൻ– അതായത് ലുബ്ധന്റെ വിപരീതമായവൻ. ഗുണങ്ങളെ ബന്ധപ്പെടുത്തി പുണ്യത്തെ അളക്കാവതല്ല. അഥവാ ഒരു വ്യക്തിയെ ചൂണ്ടികാണിച്ച്, അല്ലെങ്കിൽ ഒരു പ്രയോജനത്തെ കാണിച്ച്, ഒരുവൻ ചെയ്ത പ്രവർത്തിക്ക് അവന്റെ മേൽ ചൊരിഞ്ഞുകൊടുത്ത നന്മയുടെ വർദ്ധനവ് കാണിച്ച് അത് അളക്കാവതല്ല. ഇത് സമ്പൂർണ്ണമായും സന്മനസ്സാണ്. അല്ലാഹുവിന്റെ അതിമഹത്തായ പദ്ധതി അനുസരിച്ച്, അല്ലാഹു(ത) വിധിച്ചതനുസരിച്ച് നല്കപ്പെടുന്ന സ്ഥിരമായ ലാഭവിഹിതങ്ങളാണ്. നമ്മുടെ ജീവിതത്തിലെ സത്യത, സാംഭവ്യതാസാധ്യത മാത്രമല്ല; തെളിവുകളുടെ വലിപ്പവുമല്ല, നമ്മുടെ സത്യത്തിന്റെ ആശയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കണ്ടെത്തലുകളുമല്ല. അല്ലാഹുവിന്റെ സത്യത അതു സമ്പൂർണ്ണമാകുന്നു. ഇത് തെളിവിന്റേയോ സാംദ്‌വ്യതാസാധ്യതയുടെയോ അടിസ്ഥാനത്തിലുള്ളതുമല്ല. അല്ലാഹു(ത) സമ്പൂർണ്ണമായ യഥാർത്ഥ്യമാകുന്നു. അവന് മാത്രമാണ് ഈ പേരിന് അർഹതയുള്ളതും!

സമാധാനം ഇസ്ലാമിലെ ആത്മീയതയുമായി ബന്ധിതമാകുന്നു. കാരണം ഇത് ഒരു വ്യക്തിയുടെ വ്യക്തിപരമായതും സാമൂഹ്യപരമായതുമായ അടിസ്ഥാന ആശയവുമായി ബന്ധിതമാകുന്നു. ഭാഗ്യവാന്മാരായ ആളുകൾക്ക് ലഭിക്കുന്ന സ്വർഗത്തിലെ പ്രാഥമിക അഭിവാദ്യം സമാധാനം എന്നാകുന്നു. ഇസ്ലാം സമാധാനത്തിന്റെ മതമാകുന്നു. അത് പുറമെയുള്ള സമാധാനമല്ല, കാരണം ഇത് പുറമെ തിന്മയുമായി തർക്കിക്കാം. അഥവാ പോരാടാം. എന്നാൽ ആന്തരീകമായ സമാധാനം, അത് ആത്മാവിനുള്ള സമാധാനമാകുന്നു. അവിടെ എല്ലാവിധ പൊരുത്തമില്ലായ്മകളും നീക്കം ചെയ്യപ്പെടുന്നു. അവിടെ വേദന, സങ്കടം, നിരാശ ഇവയൊക്കെ അപ്രത്യക്ഷങ്ങളായിരിക്കും.


ഒരേ ഒരു ഉറച്ചതും മാറ്റമില്ലാത്തതുമായ പിന്താങ്ങൽ, അല്ലാഹുവിലുള്ള അനന്തമായ നമ്മുടെ പ്രതീക്ഷയാണ്. അവന്റെ ദയാവായ്പിന് പരിധിയില്ല. അവന്റെ ദയാവായ്പ് നമ്മുടെ ആവശ്യങ്ങളും കടന്നുപോകുന്നതാണ്. പലപ്പോഴും നമുക്ക് സ്വയം അനർത്ഥമുണ്ടാക്കുന്ന കാര്യങ്ങൾ ആഗ്രഹിക്കുന്നവരാണ് നാം. അതുപോലെ നമ്മുടെ ആത്മീയ പ്രകൃതി ആവശ്യപ്പെടുന്ന കാര്യങ്ങളെകുറിച്ച് പലപ്പോഴും നാം ബോധവാന്മാരുമല്ല. അല്ലാഹുവിന്റെ സന്മനസ്സ് നാം ആവശ്യപ്പെടാതെ തന്നെ നമ്മിലേക്ക് വരുന്നു! അത് വളരെ വലിയ അളവിൽ വരുന്നു എന്നതും

യാഥാർത്ഥ്യമാണ്.

വിശുദ്ധഖുർആൻ പറയുന്നു. അവനാണ് അല്ലാഹു. അവനല്ലാതെ ഒരാരാധ്യനുമില്ല. മഹാരാജാവും പരമവിശുദ്ധനും, സമാധാനസാമ്രാട്ടും അഭയദാതാവും, രക്ഷാപരിപാലകനും, പ്രതാപവാനും സർവ്വരേയും അടക്കിഭരിക്കുന്നവനും, മഹാ പ്രഭാവനുമാണവൻ. അവൻ പങ്കുചേർക്കുന്നതിൽ നിന്ന്, അല്ലാഹു എത്രയും പരിശുദ്ധൻ (59:24) അവൻ സൃഷ്ടാവും, ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്നവനും, രൂപസന്ദായകനുമായ അല്ലാഹുവാകുന്നു.

ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ അവനുള്ളതാകുന്നു. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു (അധ്യായം 59 : 25 സൂറ: അൽഹശ്ർ)

അല്ലാഹു – എല്ലാ മഹത്വമുള്ള നാമങ്ങളും അവനുള്ളതാകുന്നു. അവനാണ് നമ്മുടെ സംരക്ഷകൻ. അവനാണ് നമ്മുടെ പ്രതീക്ഷയും! അവന്റെ ഗുണഗണങ്ങൾ വിശാലവും അനന്തവും ആയതുപോലെ, ഈ അനന്തമായ ഗുണഗണങ്ങൾ ഒരാൾക്കും ഒരിക്കലും കണ്ടെത്താവതുമല്ല. എന്നാൽ ഇൻശാ അല്ലാഹ്! അവന്റെ മാർഗദർശനത്താൽ, ഞാൻ ഒരു വിനീതമായ ശ്രമം നടത്തുന്നതാണ്. ഇതു സംബന്ധമായ വിശദീകരണം, വരും ഖുത്തുബകളിലൂടെ നിങ്ങൾക്കായി വിശദീകരിക്കുന്നതാണ്. അതു ചെയ്യുവാനുള്ള അനുഗ്രഹവും തൗഫീഖും അവൻ എനിക്ക് നല്കി അനുഗ്രഹിക്കട്ടെ! അങ്ങനെ ആയാൽ നിങ്ങൾ, അവന്റെ ദാസന്മാരായി നിങ്ങൾക്ക്, അവന്റെ ഗുണഗണങ്ങളെകുറിച്ച് മനസ്സിലാക്കുവാൻ, ഗ്രഹിക്കുവാൻ സാധിക്കുമല്ലോ. അവന്റെ ഗുണഗണങ്ങൾ മനസ്സിലാക്കി കൊണ്ട് അവനെ നിങ്ങൾക്ക് സമീപിക്കുവാൻ ഓർക്കുവാൻ സാധിക്കുമല്ലോ. ഇൻശാ അല്ലാഹ്! ആമീൻ.



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*